# ഭൂരിപക്ഷ യൂണിയന്റെ ഭാരവാഹികൾ ഒപ്പിട്ടില്ലെന്ന കാരണത്താൽ ഒത്തുതീർപ്പ് കരാർ നിഷ്ഫലമാവില്ല

**മദ്രാസ് ഹൈക്കോടതി**

W.A. No. 3881/2019 Dt. 19.12.2019

റോക്ക ബാത്രൂം പ്രൊഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്
x
റാനിപ്പറ്റ് ലേബർ യൂണിയൻ

ഫാക്ടറിയിൽ ഒരു തൊഴിലാളി യൂണിയൻ മാത്രമാണ് നിലവിലുള്ളത്. തൊഴിലാളികളുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള സമയമായപ്പോൾ മേനേജ്മെന്റ് യൂണിയൻ ഭാരവാഹികളുമായി ചർച്ച നടത്തി. യൂണിയൻ നേതാക്കൾ മേനേജ്മെന്റിന്റെ നിർദ്ദേശങ്ങൾ അംഗീകരിക്കാൻ തയ്യാറായില്ല. എന്നാൽ പകുതിയോളം തൊഴിലാളികൾക്ക് മേനേജ്മെന്റിന്റെ നിർദ്ദേശം സ്വീകാര്യമായിരുന്നു. ആ സാഹചര്യത്തിൽ ഫാക്ടറിയിലെ 40 ശതമാനത്തിലധികം വരുന്ന തൊഴിലാളികൾ മറ്റൊരു യൂണിയൻ രൂപീകരിക്കുകയും മേനേജ്മെന്റിന്റെ നിർദ്ദേശങ്ങൾ അംഗീകരിച്ച് ഒത്തുതീർപ്പ് കരാറിൽ ഒപ്പിടുകയും ചെയ്തു. എന്നാൽ ഭൂരിപക്ഷ യൂണിയന്റെ ഭാരവാഹികൾ പ്രസ്തുത കരാറിൽ ഒപ്പിടുവാൻ വിസമ്മതിച്ചു. തുടർന്ന് ഒത്തുതീർപ്പ് കരാറിലെ വ്യവസ്ഥകൾക്ക് അംഗീകാരം ആവശ്യപ്പെട്ട് മേനേജ്മെന്റ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ മുമ്പാകെ അപേക്ഷ നല്കി. ഒത്തുതീർപ്പ് കരാർ സാധുവാണെന്ന് പ്രഖ്യാപിക്കണമെന്ന ആവശ്യം ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ തള്ളിക്കളഞ്ഞു. ഫാക്ടറിയിലെ 179 തൊഴിലാളികൾ അംഗങ്ങളായ ഭൂരിപക്ഷ യൂണിയന്റെ ഭാരവാഹികൾ ഒപ്പിടാത്ത കരാർ നിഷ്ഫലമാണെന്ന് കണ്ടാണ് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്. ഇതിനെതിരെ മേനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ഭൂരിപക്ഷത്തിന്റെ ചട്ടമാണ് ആധികാരിക ചട്ടമെന്ന തത്ത്വം ചൂണ്ടിക്കാട്ടിയ സിംഗിൾ ബഞ്ച് മേനേജ്മെന്റിന്റെ ഹർജി തള്ളിക്കളഞ്ഞു. കാരണം ഭൂരിപക്ഷം തൊഴിലാളികൾ അംഗങ്ങളായ യൂണിയന്റെ ഭാരവാഹികൾ അംഗീകരിക്കാത്ത കരാർ തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കില്ലെന്നാണ് സിംഗിൾ ബഞ്ച് നിരീക്ഷിച്ചത്. ഇതിനെതിരെ മേനേജ്മെന്റ് ഡിവിഷൻ ബഞ്ചിൽ അപ്പീൽ സമർപ്പിച്ചു. മൊത്തം തൊഴിലാളികളുടെ 40% ഉൾപ്പെടുന്ന ന്യൂനപക്ഷ യൂണിയൻ അംഗീകരിച്ച കരാർ നിഷ്ഫലമാവില്ലെന്നും ഭൂരിപക്ഷ യൂണിയന്റെ ഭാരവാഹികളുടെ അംഗീകാരം ഇല്ലാതെ തന്നെ പ്രസ്തുത കരാർ നിയമപ്രകാരം നിലനില്ക്കുമെന്നും വിലയിരുത്തിയ ഡിവിഷൻ ബഞ്ച് സിംഗിൾ ബഞ്ചിന്റെയും ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിന്റെയും വിധികൾ റദ്ദാക്കുകയും മേനേജ്മെന്റിന്റെ അപ്പീൽ അനുവദിക്കുകയും ചെയ്തു.